(സി) ബാധകമല്ല.

(ഡി) ഇപ്പോൾ ചെക്കിടിക്കാട് വരെ നടത്തുന്ന ഈ സർവ്വീസ് യാത്രക്കാർ കുറവായതിനാൽ മാതിരംപള്ളിവരെ നീട്ടേണ്ട ആവശ്യം വരുന്നില്ല.

ട്രെയിനുകൾ ഷൊർണ്ണൂർ ജംഗ്ഷനിൽ കൂടി വന്നുപോകുന്നതിനുള്ള നടപടി

81 (1280) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ?

(എ) ഷൊർണ്ണൂർ ജംഗ്ഷനിൽ വന്നുപോകുന്ന ആലപ്പുഴ-ബൊക്കാറോ, ഹൈദരാബാദ്-കൊച്ചിൻ എന്നീ ട്രെയിനുകൾ ജംഗ്ഷനിൽ വരാതെ ഭാരതപ്പുഴ റെയിൽവേ സ്റ്റേഷൻ വഴി തിരിച്ചു വിടുവാനുള്ള നീക്കം സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, ഈ തീരുമാനം റദ്ദ് ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുമോ ?

ഉത്തരം

(എ) ആലപ്പുഴ-ബൊക്കാറോ, ഹൈദരാബാദ്-കൊച്ചിൻ എന്നീ ട്രെയിനുകൾ ഷൊർണ്ണൂർ ജംഗ്ഷനിൽ വരാതെ തിരിച്ചു വിടുവാനുള്ള നീക്കമൊന്നും നിലവിലില്ലെന്ന് സതേൺ റെയിൽവേ അറിയിച്ചിട്ടുണ്ട്.

(ബി) ചോദ്യം ഉദിക്കുന്നില്ല.

നെടുമ്പാശ്ശേരിയിൽ റെയിൽവേ സ്റ്റേഷൻ

82 (1281) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) നെടുമ്പാശ്ശേരിയിൽ ഒരു റെയിൽവേ സ്റ്റേഷൻ തുടങ്ങുന്നതു സംബന്ധിച്ച തുടർ നടപടികൾ എത്രത്തോളമായിയെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത റെയിൽവേ സ്റ്റേഷൻ തുടങ്ങുന്നതിനുള്ള എല്ലാവിധ സഹായ സഹകരണവും സംസ്ഥാന സർക്കാർ നൽകുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ബി) ഈ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ അനുമതി ആയിട്ടില്ല. അനുമതി ലഭിച്ചശേഷം പരിഗണിക്കുന്നതാണ്.

സഹകരണസംഘങ്ങളുടെ പ്രവർത്തനം

83 (1282) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങൾ രൂപീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; ഏതെല്ലാം മേഖലകളിൽ ; ഇവയുടെ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly